## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2582 12.03.2020-ൽ മറുപടിയ്ക്ക്**

**ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ഡ്രൈവർ തസ്തിക**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) എറണാകുളം കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള, എക്സൈസ് വകുപ്പിലെ ക്രൈം ബ്രാഞ്ച് വിഭാഗത്തിലേയ്ക്ക് ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ എത്ര ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) 3 ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) എക്സൈസ് ക്രൈം ബ്രാഞ്ചിന്റെ ആസ്ഥാനമായ എറണാകുളം ജില്ലയിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ക്രൈംബ്രാഞ്ച് വിഭാഗത്തിനായി സൃഷ്ടിച്ചിട്ടുള്ള 3 ഡ്രൈവർ തസ്തികകൾ ദക്ഷിണമേഖല (ആലപ്പുഴ), മദ്ധ്യമേഖല (പാലക്കാട്), ഉത്തരമേഖല ( മലപ്പുറം) എന്നീ ജില്ലകളിൽ നിന്നും നിയമനം നടത്തുന്നതിനായാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) എക്സൈസ് ക്രൈം ബ്രാഞ്ചിന്റെ ആസ്ഥാനമെന്ന നിലയ്ക്ക് എറണാകുളം ജില്ലയിൽ ഡ്രൈവർ തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**